# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3246** **19-06-2018 ൽ മറുപടിയ്ക്ക്**

## ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിൽ നിലവിൽ എത്ര ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് അറിയിക്കുമോ; മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും കേന്ദ്രങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ 17 ന്യൂനപക്ഷയുവജന പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച പരിശീലനകേന്ദ്രങ്ങളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം ജില്ലയിലെ ആലത്തിയൂരിൽ ഒരു പരിശീലനകേന്ദ്രം പുതിയതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഓരോ കേന്ദ്രത്തിലും നിലവിൽ എത്ര വിദ്യാർത്ഥികൾ വീതം പരിശീലനം നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ ഓരോ പരിശീലനകേന്ദ്രത്തിലും റഗുലർബാച്ചിൽ 100 ഉദ്യോഗാർത്ഥികൾക്കും ഹോളിഡേ ബാച്ചിൽ 40 ഉദ്യോഗാർത്ഥികൾക്കും പ്രവേശനം നൽകിയിട്ടുണ്ട്. |
| (സി) | മുൻവർഷങ്ങളെ അപേക്ഷിച്ച് പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**